# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *635 — 03.04.2018-ൽ മറുപടിക്ക്

### മൃഗശാലാ വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ

ചോദ്യം

ശ്രീമതി. ഗീതാ ഗോപി

ശ്രീമതി. ഇ.എസ്.ബിജിമോൾ

ശ്രീ. എൽദോ എബ്രഹാം

ശ്രീ.വി.ആർ.സുനിൽ കുമാർ

മറുപടി

ശ്രീ. കെ.രാജു

(ബഹു.വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗശാലാ വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അറിയിക്കുമോ ; | (എ) | തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ജലപക്ഷികൾക്ക് വേണ്ടിയുള്ള വിശാലമായ പരിബന്ധനത്തിന്റെ നിർമ്മാണവും, സ്ത്രീ സൗഹാർദ്ദപരവും, വിശ്രമ മുറിയും ചേർന്ന ടോയ് ലറ്റ്, മദേഴ്സ് ഫീഡിംഗ് സെന്റർ എന്നിവ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൂർത്തീകരിച്ചിട്ടുണ്ട്. അക്വേറിയത്തിന്റെ നവീകരണം, ഇൻഡ്യൻ കാട്ടുപോത്തുകൾക്കു വേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണങ്ങൾ എന്നിവയും, തൃശ്ശൂർ മൃഗശാലയിൽ അനാക്കോണ്ട പാമ്പുകൾക്ക് വേണ്ടിയുള്ള പരിബന്ധനം, ഉരഗങ്ങളുടെ പരിബന്ധനത്തിന്റെ നവീകരണം, ഇൻഡ്യൻ കാട്ടുപോത്തിനെ പാർപ്പിക്കുന്നതിന് നിലവിലുള്ള കൂടിനെ സജ്ജമാക്കൽ എന്നീ പ്രവർത്തികൾ നിർവ്വഹിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തുകയും, തൃശ്ശൂർ മൃഗശാലയിൽ ആധുനിക രീതിയിലുള്ള അക്വേറിയം നിർമ്മാണം നടത്തുന്നതിന് ഗവൺമെന്റ് അക്രഡിറ്റേഷൻ ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രീ ഫാബ് ലിമിറ്റഡിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം മൃഗശാലയിൽ ചിത്രശലഭങ്ങൾക്ക് വേണ്ടിയുള്ള പാർക്കിന്റെ നിർമ്മാണം 2018-19 സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷത്തെ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മൃഗങ്ങളുടെ തനത് ആവാസ വ്യവസ്ഥ സംരക്ഷിച്ചുകൊണ്ട് സന്ദർശകർക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ; | (ബി) | മൃഗങ്ങളുടെ തനത് ആവാസ വ്യവസ്ഥ സംരക്ഷിച്ചുകൊണ്ട് തന്നെ സന്ദർശകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ സ്ത്രീ സൗഹാർദ്ദപരമായ ടോയ്ലറ്റും വിശ്രമ മുറിയും, മദേഴ്സ് ഫീഡിംഗ് സെന്റർ എന്നിവ സ്ഥാപിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തെ ഗ്രീൻ ബുക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. ഇന്റർപ്രട്ടേഷൻ സെന്റർ, മൃഗശാലയിൽ കുടിവെള്ള യൂണിറ്റുകൾ സ്ഥാപിക്കുക എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | മൃഗശാലയിലേക്ക് പുതുതായി മൃഗങ്ങളെ കൊണ്ടുവരുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ ; | (സി) | മൃഗശാലകൾ തമ്മിൽ മൃഗങ്ങളെ കൈമാറുന്നതിനുള്ള സമ്മതപ്രകാരം കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം വാങ്ങുകയും വനം വകുപ്പിന്റെ നോ ഒബ്ജക്ഷൻ വാങ്ങിയുമാണ് ഇന്ത്യയിലെ മറ്റ് മൃഗശാലകളിൽ നിന്ന് മൃഗങ്ങളെ കൊണ്ടുവരുന്നത്.<br>കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം, വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്, ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡിന്റെ അനുമതി, കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്, CITES ന്റെ അനുമതി എന്നീ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചാണ് വിദേശത്തു നിന്നും മൃഗങ്ങളെ കൊണ്ടുവരുന്നത്. |
| (ഡി) | മറ്റു മൃഗശാലകളിൽ നിന്നുള്ള മൃഗങ്ങളേയും പക്ഷികളേയും എത്തിച്ചതിന്റെ വിവരങ്ങൾ അറിയിക്കുമോ ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാഗാലാന്റ് മൃഗശാലയിൽ നിന്നും ഒരു ജോഡി ഏഷ്യാട്ടിക് കരടികൾ, വണ്ടല്ലൂർ മൃഗശാലയിൽ നിന്നും രണ്ട് ജോഡി റെറ്റിക്കുലേറ്റഡ് പൈത്തൺ, 2 ജോഡി വെള്ള മയിലുകൾ, കാൺപൂർ മൃഗശാലയിൽ നിന്നും ഒരു ജോഡി കഴുതപ്പുലികളെയുമാണ് തിരുവനന്തപുരം മൃഗശാലയിലെത്തി ച്ചിട്ടുള്ളത്. |

സെക്ഷൻ ആഫീസർ